പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3361      16.12.2015 ലെ മറുപടിയ്ക്ക്

## കൃഷിഭൂമി തരിശിടുന്നത് തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. ഹംസ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | കൃഷിഭൂമി തരിശിടുന്നത് തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ; | (എ) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നെൽ വയലുകൾ മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടുത്തുന്നത് തടയുവാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. അതിനും പുറമേ നിരവധി തരിശുനില നെൽകൃഷി വികസനപദ്ധതികൾ സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്നതു മൂലം ഘട്ടം ഘട്ടമായി തരിശുനിലങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നുണ്ട്. 2011-2012 മുതൽ 2014-2015 വർഷം വരെ 8490.15 ഹെക്ടർ തരിശുനില നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പാലക്കാട് ജില്ലയിൽ കൃഷി ഭൂമി വ്യാപകമായി തരിശായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നിലവിൽ നിയമങ്ങൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) | നിലവിലെ രേഖകൾ അനുസരിച്ച് 1500 ഹെക്ടറോളം നെൽകൃഷിക്കനുയോജ്യമായ കൃഷിഭൂമി തരിശായി പാലക്കാട് ജില്ലയിൽ ഉണ്ട്. വിവിധ പദ്ധതികളിലായി (ആർ.കെ.വി.വൈ, ഗ്രാമ ബ്ലോക്ക് തല പദ്ധതികൾ) തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കൃഷിഭൂമി തരിശിടുന്നത് കുറ്റകരമാക്കുന്ന രീതിയിൽ നിയമ നിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ? | (സി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ